publishing on 18.2.2016

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 394

# 2016-ലെ കേരള ധനവിനിയോഗ ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 394

# 2016-ലെ കേരള ധനവിനിയോഗ ബിൽ

209/2016(i).

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 394

# 2016-ലെ കേരള ധനവിനിയോഗ ബിൽ

## 2015-2016 സാമ്പത്തിക വർഷത്തിലെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ചില തുകകൾ കൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തുന്ന

ഒരു

ബിൽ

പീഠിക.—2015-2016 സാമ്പത്തിക വർഷത്തിൽ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ചില തുകകൾ കൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തുന്നത് ആവശ്യമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേര്.—ഈ ആക്റ്റിന് 2016-ലെ കേരള ധനവിനിയോഗ ആക്റ്റ് എന്ന് പേര് പറയാം.

2. 2015-2016 സാമ്പത്തിക വർഷത്തേക്ക് കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും 6881,60,66,000 രൂപ നൽകൽ.—2015-2016 സാമ്പത്തിക വർഷത്തിൽ വന്നുചേരുന്ന വിവിധ ചെലവുകൾ നേരിടുന്നതിനായി പട്ടികയിലെ (2)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള സർവ്വീസുകളും ആവശ്യങ്ങളും സംബന്ധിച്ച് പട്ടികയിലെ (3)-ാം കോളത്തിൽ പറഞ്ഞിട്ടുള്ളതിൽ കവിയാത്തതും, മൊത്തം ആറായിരത്തി എണ്ണൂറ്റി എൺപത്തി ഒന്ന് കോടി അറുപത് ലക്ഷത്തി അറുപത്തിയാറായിരം രൂപ മാത്രം വരുന്നതുമായ തുകകൾ കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും നൽകുകയും വിനിയോഗിക്കുകയും ചെയ്യാവുന്നതാണ്.

3. ധനവിനിയോഗം.—ഈ ആക്റ്റ് പ്രകാരം കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള തുകകൾ 2015-2016 സാമ്പത്തിക വർഷം സംബന്ധിച്ച് പട്ടികയിൽ പറഞ്ഞിട്ടുള്ള സർവ്വീസുകൾക്കും ആവശ്യങ്ങൾക്കും വേണ്ടി വിനിയോഗിക്കേണ്ടതാണ്.

## പട്ടിക

(2-ഉം 3-ഉം വകുപ്പുകൾ കാണുക)

| (1) | | (2) | | (3) | | |
|---|---|---|---|---|---|---|
| | | | | കവിയാൻ പാടില്ലാത്ത തുകകൾ | | |
| ക്രമ നമ്പർ | ധനാഭ്യർത്ഥന നമ്പർ | സർവ്വീസുകളും ആവശ്യങ്ങളും | | നിയമസഭ വോട്ട് ചെയ്തത് (₹) | സഞ്ചിതനിധിയിൻമേൽ ചാർജ്ജ് ചെയ്തത് (₹) | ആകെ (₹) |
| 1 | I | സംസ്ഥാന നിയമസഭ | റവന്യൂ | 1,30,00,000 | *27,41,000* | 1,57,41,000 |
| 2 | II | സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | റവന്യൂ | 2,52,19,000 | *16,20,00,000* | 18,72,19,000 |
| 3 | III | നീതിന്യായ നിർവ്വഹണം | റവന്യൂ | 9,19,000 | *1,59,99,000* | 1,69,18,000 |
| 4 | IV | തെരഞ്ഞെടുപ്പുകൾ | റവന്യൂ | 67,51,00,000 | .. | 67,51,00,000 |
| 5 | V | കാർഷികാദായ നികുതിയും വില്പന നികുതിയും | റവന്യൂ | 6,00,00,000 | *4,79,11,000* | 10,79,11,000 |
| 6 | VI | ഭൂനികുതി | റവന്യൂ | 2,00,00,000 | .. | 2,00,00,000 |
| 7 | VII | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | റവന്യൂ | 1,35,000 | .. | 1,35,000 |
| 8 | VIII | എക്സൈസ് | റവന്യൂ | 15,96,60,000 | *1,54,76,000* | 17,51,36,000 |
| 9 | | കടബാദ്ധ്യതകൾ | റവന്യൂ | .. | *4,04,57,000* | 4,04,57,000 |
| 10 | X | ട്രഷറികളും അക്കൗണ്ടുകളും | റവന്യൂ | 1,000 | .. | 1,000 |
| 11 | XI | ജില്ലാ ഭരണവും പലവകയും | റവന്യൂ | 100,30,62,000 | *7,74,000* | 100,38,36,000 |
| 12 | XII | പോലീസ് | റവന്യൂ | 41,98,00,000 | .. | 41,98,00,000 |
| | | | മൂലധനം | 25,31,00,000 | .. | 25,31,00,000 |

| | | | | | | |
|---|---|---|---|---|---|---|
| 13 | XIII | ജയിലുകൾ | റവന്യൂ | 8,66,50,000 | .. | 8,66,50,000 |
| 14 | XIV | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | റവന്യൂ | 5,00,00,000 | .. | 5,00,00,000 |
| 15 | XV | പൊതുമരാമത്ത് | റവന്യൂ<br>മൂലധനം | 794,50,01,000<br>368,52,04,000 | *3,16,68,000*<br>*49,76,67,000* | 797,66,69,000<br>418,28,71,000 |
| 16 | XVI | പെൻഷനും പലവകയും | റവന്യൂ | 1533,17,68,000 | *23,24,000* | 1533,40,92,000 |
| 17 | XVII | വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | റവന്യൂ<br>മൂലധനം | 131,73,03,000<br>145,16,40,000 | ..<br>.. | 131,73,03,000<br>145,16,40,000 |
| 18 | XVIII | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | റവന്യൂ<br>മൂലധനം | 31,74,92,000<br>3,000 | ..<br>.. | 31,74,92,000<br>3,000 |
| 19 | XX | ശുദ്ധജല വിതരണവും ശുചീകരണവും | റവന്യൂ | 20,00,00,000 | .. | 20,00,00,000 |
| 20 | XXI | ഭവനനിർമ്മാണം | റവന്യൂ<br>മൂലധനം | 1,000<br>1,62,45,000 | ..<br>.. | 1,000<br>1,62,45,000 |
| 21 | XXII | നഗരവികസനം | റവന്യൂ | 19,99,01,000 | .. | 19,99,01,000 |
| 22 | XXIII | വാർത്താവിതരണവും പ്രചരണവും | റവന്യൂ | 42,62,49,000 | .. | 42,62,49,000 |
| 23 | XXIV | തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | റവന്യൂ<br>മൂലധനം | 47,05,83,000<br>28,55,00,000 | ..<br>.. | 47,05,83,000<br>28,55,00,000 |
| 24 | XXV | പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | റവന്യൂ | 111,86,92,000 | .. | 111,86,92,000 |
| 25 | XXVI | പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് | റവന്യൂ | 32,45,00,000 | .. | 32,45,00,000 |

| (1) | | (2) | | (3) | | |
|---|---|---|---|---|---|---|
| | | | | കവിയാൻ പാടില്ലാത്ത തുകകൾ | | |
| ക്രമ നമ്പർ | ധനാഭ്യർത്ഥന നമ്പർ | സർവ്വീസുകളും ആവശ്യങ്ങളും | | നിയമസഭ വോട്ട് ചെയ്തത് (₹) | സഞ്ചിതനിധി യിൻമേൽ ചാർജ്ജ് ചെയ്തത് (₹) | ആകെ (₹) |
| 26 | XXVII | സഹകരണം | റവന്യൂ | 35,00,00,000 | .. | 35,00,00,000 |
| 27 | XXVIII | പലവക സാമ്പത്തിക സർവ്വീസുകൾ | റവന്യൂ | 1,15,64,000 | .. | 1,15,64,000 |
| 28 | XXIX | കൃഷി | റവന്യൂ | 1,000 | .. | 1,000 |
| | | | മൂലധനം | 200,28,74,000 | *7,79,000* | 200,36,53,000 |
| 29 | XXX | ഭക്ഷ്യം | റവന്യൂ | 436,07,18,000 | .. | 436,07,18,000 |
| | | | മൂലധനം | 5,00,00,000 | .. | 5,00,00,000 |
| 30 | XXXI | മൃഗസംരക്ഷണം | മൂലധനം | 5,31,00,000 | .. | 5,31,00,000 |
| 31 | XXXIII | മത്സ്യബന്ധനം | റവന്യൂ | 82,66,38,000 | .. | 82,66,38,000 |
| | | | മൂലധനം | 74,94,13,000 | *12,000* | 74,94,25,000 |
| 32 | XXXIV | വനം | റവന്യൂ | 4,000 | *14,00,000* | 14,04,000 |

| | | | | | | |
|---|---|---|---|---|---|---|
| 33 | XXXV | പഞ്ചായത്ത് | മൂലധനം | 110,00,00,000 | .. | 110,00,00,000 |
| 34 | XXXVI | ഗ്രാമവികസനം | റവന്യൂ | 526,18,38,000 | .. | 526,18,38,000 |
| 35 | XXXVII | വ്യവസായങ്ങൾ | റവന്യൂ | 17,00,00,000 | .. | 17,00,00,000 |
| | | | മൂലധനം | 121,13,09,000 | .. | 121,13,09,000 |
| 36 | XXXVIII | ജലസേചനം | റവന്യൂ | 23,20,04,000 | .. | 23,20,04,000 |
| 37 | XXXIX | വൈദ്യുത പദ്ധതികൾ | റവന്യൂ | 28,63,87,000 | .. | 28,63,87,000 |
| | | | മൂലധനം | 16,20,31,000 | .. | 16,20,31,000 |
| 38 | XL | തുറമുഖങ്ങൾ | മൂലധനം | 150,00,00,000 | *2,10,000* | 150,02,10,000 |
| 39 | XLI | ഗതാഗതം | റവന്യൂ | 47,28,22,000 | .. | 47,28,22,000 |
| | | | മൂലധനം | 1,000 | *15,61,27,000* | 15,61,28,000 |
| 40 | XLVI | സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | റവന്യൂ | 1316,86,93,000 | .. | 1316,86,93,000 |
| | | | മൂലധനം | 1,43,96,000 | .. | 1,43,96,000 |
| | | | ആകെ | 6784,05,21,000 | *97,55,45,000* | 6881,60,66,000 |

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2015-2016 സാമ്പത്തിക വർഷത്തേക്ക് കേരള സംസ്ഥാന സഞ്ചിതനിധിയിൻമേൽ ചാർജ് ചെയ്തിട്ടുള്ള സപ്ലിമെന്ററി ചെലവുകളും കേരള സർക്കാരിന്റെ ചെലവിനുവേണ്ടി നിയമസഭ അനുവദിച്ചിട്ടുള്ള ഗ്രാന്റുകളും നേരിടുന്നതിനായി കേരള സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും ചില തുകകൾ കൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യാൻ അധികാരപ്പെടുത്തുന്നതിനുവേണ്ടി ഭാരത ഭരണഘടനയുടെ 205-ാം അനുച്ഛേദവുമായി കൂട്ടിവായിച്ചപ്രകാരമുള്ള അതിലെ 204-ാം അനുച്ഛേദം (1)-ാം ഖണ്ഡമനുസരിച്ച് ഈ ബിൽ അവതരിപ്പിക്കുന്നു.

ഉമ്മൻ ചാണ്ടി.